**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **14-09-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് ഫ്ലൈഓവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലൈഓവർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (എ) | കാഞ്ഞങ്ങാട് മേൽപാലം എന്ന പദ്ധതിയുടെ വിശദപദ്ധതി റിപ്പോർട്ടിന്റെ ( DPR ) അവലോകനവുമായി ബന്ധപ്പെട്ട് KIIFB യുടെ പദ്ധതി അവലോകന വിഭാഗം, സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജംഗ്ഷനിലെ ട്രാഫിക് സർവ്വേയുമായി ബന്ധപെട്ട വിശദാംശങ്ങൾ പദ്ധതി നിർവഹണ ഏജൻസി യായ RBDCK യോട് ചോദിച്ചിരുന്നു. ഇത് പ്രകാരം RBDCK പുതിയ ട്രാഫിക് സർവ്വേ നടത്തുകയും ബന്ധപ്പെട്ട ജംഗ്ഷനിലെ പീക് അവർ ട്രാഫിക് 3791 ആണെന്ന് കണ്ടെത്തുകയും ചെയ്തു. നിലവിൽ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന NH - 66, 6 -ലെയ്ൻ പ്രവർത്തി പൂർത്തിയാകുന്നതോടുകൂടി കാഞ്ഞങ്ങാട് ജംഗ്ഷനിലെ ട്രാഫിക് വീണ്ടും കുറയുന്നതാണ്.<br><br>IRC മാനദണ്ഡം പ്രകാരം മേൽപാലം നിർമിക്കുന്നതിന് ആവശ്യമായ മിനിമം ട്രാഫിക്കായി കണക്കാക്കുന്നത് 10000 PCU/hr ആണ്. കാഞ്ഞങ്ങാട് ടൗണിന്റെ ട്രാഫിക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട് അടുത്ത കാലത്തായി KSTP ഫണ്ടുപയാഗിച്ച് ആവശ്യമായ രീതിയിൽ റോഡ് വികസിപ്പിച്ച കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ഒരു മേൽപ്പാലത്തിന്റെ അനിവാര്യത പ്രസ്തുത ജംഗ്ഷനിൽ ഇല്ല എന്നാണ്, ഈ പദ്ധതിയുടെ ട്രാഫിക് സർവ്വേ റിപ്പോർട്ടിൽ നിന്നും സാങ്കേതിക അവലോകനവുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയിൽ നിന്നും മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽപാലവുമായി ബന്ധപ്പെട്ട തുടർനടപടികൾ താത്കാലികമായി നിർത്തിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ